(എച്ച്) സമഗ്രമായ പഠനം നടത്തി ആവശ്യകത ബോദ്ധ്യപ്പെട്ടശേഷം മാത്രം നിയമനങ്ങൾ നടത്താൻ നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) നവീനമായ ജൈവ സാങ്കേതികവിദ്യ, ജനിതക എഞ്ചിനീയറിംഗ് എന്നിവയിൽകൂടി സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെയും പൊതുവേയുള്ള ആരോഗ്യസംരക്ഷണം, കൃഷി, മൃഗശാസ്ത്രം, പരിസ്ഥിതി സംരക്ഷണം, അടിസ്ഥാനശാസ്ത്രം എന്നിവയിലുള്ള ഗവേഷണ പ്രവർത്തനങ്ങളും, മാനവശേഷി വികസന പ്രവർത്തനങ്ങളുമാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 16 ശാസ്ത്രജ്ഞർ ജോലി ചെയ്യുന്നു.

(ഡി) ഈ സംസ്ഥാനത്തിന്റെ നിയമാവലിക്ക് അനുസൃതമായാണ് നിയമനങ്ങൾ നടത്തുന്നത്. പത്രപ്പരസ്യം മുഖേന ലഭിക്കുന്ന അപേക്ഷകൾ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും അംഗീകരിക്കുന്ന പാനലിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉൾക്കൊള്ളുന്ന സ്ക്രീനിംഗ് കമ്മിറ്റിയും സെലക്ഷൻ കമ്മറ്റിയുമാണ് നിയമനത്തിനുവേണ്ടിയുള്ളവരെ തെരഞ്ഞെടുക്കുന്നത്.

(ഇ) ഉണ്ട്.

(എഫ്) ഹെപ്പറ്റൈറ്റീസ്-ബി എന്ന രോഗനിർണ്ണയത്തിനുള്ള കിറ്റ്. കേരളത്തിലെ ജലസമ്പത്തിനെ മലിനമാക്കുന്ന ജൈവ മാലിന്യങ്ങളെ കണ്ടുപിടിക്കുന്നതിനുള്ള മൾട്ടി പ്ലക്സ്-പി.സി.ആർ. എന്ന ഗവേഷണരീതിയും ഈ സ്ഥാപനം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(ജി) ഉണ്ട്. ആനുവൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടിലൂടെ വിലയിരുത്തുന്നുണ്ട്.

(എച്ച്) സമഗ്രമായ പഠനം നടത്തി എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും ബോധ്യപ്പെട്ടതിനുശേഷം മാത്രമേ നിയമനങ്ങൾ നടത്തിയിട്ടുള്ളൂ.

14 (2199) സി.ഡബ്ല്യു.ആർ.ഡി.എം. ന്റെ പ്രവർത്തനം

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പിനായി പ്രതിവർഷം സംസ്ഥാന സർക്കാരിന് എന്ത് ചെലവ് വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ;

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത സ്ഥാപനംകൊണ്ട് സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലസംബന്ധമായ കാര്യങ്ങളിൽ ഗവേഷണം, പരിശീലനം, കൺസൾട്ടൻസി എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ.

(ബി) കഴിഞ്ഞ സാമ്പത്തികവർഷം (1998-99) പ്ലാൻ ഇനത്തിൽ 205 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 84.57 ലക്ഷം രൂപയും ഈ സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷത്തിൽ (1999-2000) പ്ലാൻ ഇനത്തിൽ 235 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 84.57 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. സംസ്ഥാനത്തെ ജലവിഭവ വിനിയോഗത്തെ സംബന്ധിച്ച് ഉപയോഗപ്രദമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സഹായകരമായ പഠന റിപ്പോർട്ടുകൾ ഈ സ്ഥാപനം തയ്യാറാക്കി നൽകിയിട്ടുണ്ട്.

15 (2200) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പുനഃസംഘടന

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പബ്ലിക് റിലേഷൻസ് വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനാവശ്യമായ ശുപാർശകളടങ്ങിയ റിപ്പോർട്ട് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ 22.3.96-ൽ അന്നത്തെ മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ള വിവരം ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; നടപടി സ്വീകരിച്ചില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പബ്ലിക് റിലേഷൻസ് വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ഡി) പബ്ലിക് റിലേഷൻസ് വകുപ്പിന് സംസ്ഥാനത്ത് സ്വതന്ത്ര ചുമതലയുള്ള ഡയറക്ടറേറ്റ് ജില്ലാ ആസ്ഥാനങ്ങളിൽ വിപുലമായതോതിൽ ഓഫീസും പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 18.4.98 ലെ സ.ഉ. (കൈയെഴുത്ത്) നം. 319/98 പൊ.ഭ.വ. പ്രകാരം താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

1) എഡിറ്ററുടെ ഗ്രേഡിൽ (2200-3500 രൂപ സ്കെയിലിൽ) ഒരു ഫീച്ചർ എഡിറ്ററുടെ തസ്തിക.

LIBRARY ARCHIVES Kerala Legislative Assembly